കേരള സർക്കാർ

LSGD

# സിറ്റിസൺ അസിസ്റ്റന്റ് സ്ഥിരം അദാലത്ത്

## പത്തനംതിട്ട ജില്ല

## ഉപജില്ലാ അദാലത്ത് സമതി -1

05-02-2024, 10.30 am ന് തദ്ദേശസ്വയംഭരണ വകുപ്പ് ജില്ലാ ജോയിന്റ് ഡയറക്ടറുടെ ഓഫീസിൽ വെച്ച് കൂടിയ ഉപജില്ല അദാലത്ത് സമതി 1 ന്റെ യോഗ മിനിറ്റ്സ്.

പങ്കെടുത്തവർ

1. കെ.സി.സുരേഷ് കുമാർ (ഇൻന്റേണൽ വിജിലൻസ് ഓഫീസർ പത്തനംതിട്ട).
2. വിനീത്. ജി ( (അസിസ്റ്റന്റ് ടൗൺ പ്ലാനർ, എൽ.എസ്.ജി.ഡി, പ്ലാനിംഗ്)
3. മിനി.എസ്.(അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, എൽ.എസ്.ജി.ഡി, മല്ലപ്പള്ളി, പത്തനംതിട്ട).

മല്ലപ്പള്ളി, പത്തനംതിട്ട എന്നിവടങ്ങളിലെ ഉദ്യോഗസ്ഥരും അദാലത്തിൽ പങ്കെടുത്തു.

**പരിഗണിച്ച വിഷയം**- കെട്ടിട നമ്പർ നൽകുന്നത് പരിഗണിക്കുന്നത് സംബന്ധിച്ച്.

ബഹു.കേരള മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ നടന്ന നവകേരള സദസ്സിൽ ലഭിച്ച അപേക്ഷ അദാലത്തിൽ പരിഗണിച്ചു.

**അദാലത്ത് തീർപ്പ്**

**ശ്രീ. സോണിമോൻ . എം. തോമസ്** മണിപ്പുഴ ഹൗസ്, വാഴപ്പള്ളി,ചങ്ങനാശ്ശേരി, റ്റി.വി വർഗ്ഗീസ്, തെങ്ങണാംകുളത്ത് വീട്, തിരുവല്ല എന്നയാൾ നവകേരള സദസ്സിൽ സമർപ്പിച്ച പരാതിസംബന്ധിച്ച്:-

പരാതിക്കാർ ഇരുവരും ചേർന്ന് 31.12.2019ൽ തിരുവല്ല നഗരസഭ നൽകിയ പെർമിറ്റ് പ്രകാരം കെട്ടിടനിർമ്മാണം പൂർത്തിയാക്കിയതെന്നും അംഗീകൃതപ്ലാനിൽ യാതൊന്നും വ്യതിചലിയ്ക്കാതെയാണ് നിർമ്മാണം നടത്തിയതെന്നും അംഗീകൃതപ്ലാനിൽ പറഞ്ഞിട്ടുള്ള പ്രകാരം പാർക്കിംഗ് ഏരിയയും തുറസ്സായസ്ഥലവും നൽകിയിട്ടുണ്ടെന്നും, നഗരസഭയുടെ നോട്ടീസിൽ പറഞ്ഞിട്ടുള്ള എല്ലാ ന്യൂനതകളും പരിഹരിച്ചിട്ടും ഒക്യുപെൻസി സർട്ടിഫിക്കറ്റും കെട്ടിട നമ്പരും നൽകുന്നില്ലെന്നാണ് പരാതി. കെ.എം. ബി.ആർ ചട്ടം 29 പ്രകാരമുള്ള പാർക്കിംഗ് ലഭ്യമല്ല എന്നാണ് നഗരസഭയിൽ നിന്നും ലഭ്യമായിട്ടുള്ള മറുപടിയൽ പറയുന്നത്. മേൽ സാഹചര്യത്തിൽ അദാലത്ത് സമതിയംഗങ്ങൾ സൈറ്റ് നേരിട്ട് പരിശോധിക്കുന്നതിന് തീരുമാനിച്ചു.

കൺവീനർ

ഉപജില്ലാ അദാലത്ത് സമിതി-1
ഇൻന്റേണൽ വിജിലൻസ് ഓഫീസർ-1
തദ്ദേശസ്വയം ഭരണവകുപ്പ്
പത്തനംതിട്ട.